# ദിവ്യവാർത്ത

വർത്തമാനത്തിന്റെ സമ്പൂർണ്ണത

Vol. XVI Issue 4 ജൂൺ-ജൂലൈ 2018



PAGE 2 ആത്മീയ സംഗമങ്ങൾ... ജീവിതത്തെ...

PAGE 3 തൂലിക പടവാളാക്കിയ പ്രതിഭകൾ

PAGE 4 

PAGE 5 Fulfill Your Ministry

PAGE 6 American Corner Health Corner PROBLEM-SOLVING

PAGE 7 ബൈബിളിലൂടെ ദിവ്യയാത്ര ബൈബിൾ ക്വിസ് ആഗോള വാർത്തകൾ

PAGE 8 9 വാർത്തകൾ


# 16–ാമത് ഐ.പി.സി. ഫാമിലി കോൺഫറൻസ് ഡാളസിൽ

**ഡാളസ്:** DFW Airport ൽ ഉള്ള Terminal C യിൽ സ്ഥിതി ചെയ്യുന്ന Hyatt Regency Hotel ലിൽ വച്ച് ജൂലൈ 19–22 വരെ നടക്കുന്ന നോർത്ത് അമേരിക്കയിലുള്ള ഐ.പി.സി. വിശ്വാസികളുടെ കുടുംബസമ്മേളനത്തിന്റെ ക്രമീകരണങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

കോൺഫറൻസിൽ അമേരിക്കയിൽനിന്നും, ഇന്ത്യയിൽ നിന്നും വരുന്ന കർത്തൃദാസന്മാരെ കൂടാതെ വിദേശിയരായ പ്രസംഗകരും വചന ശുശ്രൂഷ നിർവ്വഹിക്കും. മുതിർന്നവർക്കും യുവജനങ്ങൾക്കും സഹോദരിമാർക്കും, കുട്ടികൾക്കും പ്രത്യേകം മീറ്റിംഗുകളും യുവജനങ്ങൾക്ക് സ്പോർട്സും ക്രമീകരിക്കുന്നുണ്ട്. കോൺഫറൻസ് വർഷിപ്പ് ടീമും മറ്റ് റീജിയൻ മ്യൂസിക് ടീമുകളും ഗാനശുശ്രൂഷ നിർവ്വഹിക്കും.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പ്രത്യേക കമ്മറ്റികൾ പ്രവർത്തിക്കുന്നു. കോൺഫറൻസിന് എയർപോർട്ടിന്റെ നോർത്ത് ഗേറ്റിൽ കൂടിയോ സൗത്ത് ഗേറ്റിൽ കൂടിയോ പ്രവേശിക്കുന്നവർ വലത്തെയറ്റത്തുള്ള Ticket Only



റവ. തോമസ് ഫിലിപ്പ്, റവ. ഷിബു തോമസ്, റവ. കെ.എ. ജോൺ, ജെസ്സി സാജു, സ്റ്റെർല ലൂക്ക്

Booth ൽ പ്രവേശിക്കുമ്പോൾ ടോൾ ടാഗ് എടുത്തിരിക്കണം. മീറ്റിംഗുകൾ കഴിഞ്ഞ് പോകുന്നതിനു മുൻപായി ഹോട്ടൽ ലോബിയിലോ, രജിസ്ട്രേഷൻ/ട്രാൻസ് പോർട്ടേഷൻ കൗണ്ടറിലോ ചെന്ന് ടോൾ ടാഗ് സൗജന്യമാക്കുന്ന സീൽ ചെയ്യേണ്ടതാണ്. തിരികെ പോകുമ്പോൾ ആളിരിക്കുന്ന Cash Only ബൂത്തിൽ കൂടി മാത്രം പോകുവാൻ ശ്രദ്ധിക്കണം. DFW എയർപോർട്ടിൽ നിന്ന് എയർപോർട്ടിന്റെയും ഹോട്ടൽ ഹയാത്തിന്റെയും വാഹനസൗകര്യം കോൺഫറൻസ് നടക്കുന്ന Terminal C യിലേക്ക് എപ്പോഴും ലഭ്യമാണ്. ഡാളസിനടുത്തുള്ള Love field എയർപോർട്ടിൽ നിന്നും കോൺഫറൻസ് സ്ഥലത്തേക്ക് യാത്രാ സൗകര്യം ക്രമീകരിക്കുന്നതാണ്.



*നാഷണൽ കമ്മറ്റി:* റവ. ഡോ. ബേബി വർഗീസ്, അലക്സാണ്ടർ ജോർജ്, ജെയിംസ് മുളവന, ജെറി കെ. രാജൻ, നാൻസി ഏബ്രഹാം



*ലോക്കൽ കമ്മറ്റി:* പാ. കെ.വി. തോമസ്, ജോൺസൺ വർക്കി, ബോബി തോമസ്, ഫിന്നി സാം, ബ്ലസൺബാബു, പെണ്ണമ്മ മാത്യു

കോൺഫറൻസ് ദിവസങ്ങളിലെ രജിസ്ട്രേഷൻ തിരക്ക് ഒഴിവാക്കാനായി ഡാളസ് പട്ടണത്തിലെ ഐ.പി.സി. സഭാജനങ്ങൾക്ക് കാലേകൂട്ടി രജിസ്ട്രേഷൻ കാർഡുകൾ എത്തിച്ചുകൊ


*(ശേഷം പേജ് 8)*


**പി.സി.എൻ.എ.കെ., ശാരോൻ, എജി** കോൺഫറൻസുകൾക്ക് അനുഗ്രഹമായ സമാപനം. 36–ാമത് പി.സി.എൻ.എ.കെ. കോൺഫറൻസ് ബോസ്റ്റൺ പട്ടണത്തിൽ അനുഗ്രഹകരമായി നടന്നു. കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ, സെക്രട്ടറി വെസ്ലി മാത്യു, ട്രഷറാർ ബാബുക്കുട്ടി ജോർജ്, യൂത്ത് കോർഡിനേറ്റർ ഷോണി തോമസ്, ലേഡീസ് കോർഡിനേറ്റർ ആഷാഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി. ശാഷാരോൻ കോൺഫറൻസ് ഡിട്രോയിറ്റിൽ സമാപിച്ചു. എ.ജി. കോൺഫറൻസ് റോച്ചസ്റ്ററിൽ അനുഗ്രഹകരമായി നടന്നു.

# റൈറ്റേഴ്സ് ഫോറം അവാർഡുകൾ വിതരണം ചെയ്തു
# റവ. ഡോ. കോശി വൈദ്യന് വിശിഷ്ട പുരസ്കാരം



റവ.കോശി വൈദ്യൻ, പാ. ടീയെസ് കപ്പമാംമൂട്ടിൽ, ഏലിയാമ്മ ലൂക്കോസ്, ഷാജി വെണ്ണിക്കുളം, ബൈജുയാക്കോബ്, തങ്കം ശാമുവൽ

**ഫ്ളോറിഡ:** അവാർഡ് ജേതാക്കൾക്ക് ജൂലൈ 5–8 വരെ ബോസ്റ്റൺ സ്പ്രിങ് ഫീൽഡ് മാസ് മ്യൂച്ചൽ സമുച്ചയത്തിൽ വച്ച് നടന്ന 36–ാ മത് മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസിനോടനുബന്ധിച്ച് നടത്തുന്ന കെ.പി.ഡബ്ല്യു.എഫ് സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

അരനൂറ്റാണ്ടായി ക്രൈസ്തവ സാഹിത്യ രംഗത്ത് നൽകിയ സമഗ്ര സംഭാവനകൾക്ക് റവ. ഡോ. കോശി വൈദ്യന് വിശിഷ്ട പുരസ്കാരം. പാസ്റ്റർ ടീയെസ് കപ്പമാംമൂട്ടിൽ (അരിസോണ) പ്രസിദ്ധീകരിച്ച വിശ്വസാഹിത്യത്തിലെ അനശ്വര സംഗീതം എന്ന വ്യാഖ്യാന ഗ്രന്ഥവും ഏലിയാമ്മ ലൂക്കോസ് വടക്കോട്ട് (ഫലിദൽഫിയ) എഴുതിയ 'മരുഭൂമിയിലെ മന്ന' എന്ന പുസ്തകവും 2018ലെ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് അർഹത നേടി. ഒക്കലഹോമ ഹെബ്രോൻ ഐപിസി സഭാംഗം ബൈജു ഇടവിള എഴുതിയ 'ദൗ


*(ശേഷം പേജ് 8)*


**റൈറ്റേഴ്സ് ഫോറം അവാർഡു ജേതാക്കൾക്ക് ദിവ്യവാർത്തയുടെ അഭിനന്ദനങ്ങൾ**

# ചർച്ച് ഓഫ് ഗോഡ് ഫാമിലികോൺഫ്രൻസ്
# ജൂലൈ 19–22 വരെ ഒക്കലഹോമയിൽ



റവ. ജെയിംസ് റിച്ചാർഡ് പ്രസിഡന്റ് | റവ. ഫിൽജോയി ജോൺസൺ വൈസ് പ്രസിഡന്റ് | വിജു തോമസ് സെക്രട്ടറി



ഡേവിഡ് കുരുവിള ട്രഷറാർ | ബഞ്ചമിൻ വർഗീസ് യൂത്ത് കോർഡിനേറ്റർ | ലാലി സാംകുട്ടി ലേഡീസ് കോർഡിനേറ്റർ

**ഒക്കലഹോമ:** വടക്കേ അമേരിക്കയിലെ ചർച്ച് ഓഫ് ഗോഡ് വിശ്വാസി സമൂഹത്തിൻെറ കുടുംബസംഗമമായ നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് 23ാമത് കോൺഫ്രൻസ് ജൂലൈ 19 മുതൽ 22 വരെ ഒക്കലഹോമയിൽ നടക്കും. നാഷണൽ പ്രസിഡൻറായി റവ.ജെയിംസ് റിച്ചാർഡ്, റവ.ഫിജോയി ജോൺസൺ വൈസ്പ്രസിഡൻറ്, ബ്രദർ വിജോ തോമസ് സെക്രട്ടറി, ബ്രദർ ഡേവിഡ് കുരുവിള ട്രഷറാർ, റവ. ബഞ്ചമിൻ വർഗീസ് യൂത്ത് കോർഡിനേറ്റർ, സിസ്റ്റർ ലാലി സാംകുട്ടി നാഷണൽ ലേഡീസ് കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

## ദിവ്യവാർത്ത സാഹിത്യ അവാർഡിന് ക്രിസ്തീയ രചനകൾ ക്ഷണിക്കുന്നു

**ദിവ്യവാർത്തയുടെ പതിനഞ്ചാം വർഷം ആഘോഷക്കുന്നതിന്റെ ഭാഗമായി ഏറ്റവും നല്ല ക്രിസ്തീയ സാഹിത്യരചനയ്ക്ക് അവാർഡു നൽകുന്നു. നാലുപേജിൽ കവിയാതെയുള്ള മലയാള-ഇംഗ്ലീഷ് ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, ചെറുകഥകൾ, അനുഭവസാക്ഷ്യങ്ങൾ, (പ്രസിദ്ധീകരിക്കാത്തവ) ആഗസ്റ്റ് 31 ന് മുൻപ് ലഭിക്കത്തക്കവിധം താഴെകാണുന്നവിലാസത്തിൽ അയക്കുക.**


DivyaVartha
P.O. Box -7, Lewisville, Texas 75067, USA. Email: divyavartha@gmail.com

ദിവ്യവാർത്ത വർത്തമാനത്തിന്റെ സമ്പൂർണ്ണത
EDITORIAL

# ആത്മീയ സംഗമങ്ങൾ ആത്മാക്കളെ നേടട്ടെ

നോർത്ത് അമേരിക്കയിൽ വീണ്ടും ആത്മീയസംഗമങ്ങൾക്ക് തുടക്കമായി. വരുന്ന ചില ആഴ്ചകളും മാസങ്ങളും വിവിധ മലയാളി സംഗമങ്ങളുടെ സംഗമവേദിയാകും. സ്കൂളുകൾക്കും കോളജുകൾക്കും അവധിക്കാലമായതിനാലാണ് കോൺഫറൻസുകൾ ഈ ദിവസങ്ങളിൽ നടത്തപ്പെടുന്നത്. ജൂൺ 22-24 വരെ ഇന്ത്യാ പെന്തെക്കോസ്തു ഫെലോഷിപ്പ്- സ്വതന്ത്രസഭകളുടെ കോൺഫറൻസാണ്. ഈ വർഷം ശാരോൻ ഫാമിലി കോൺഫറൻസ് ഡിട്രോയിറ്റിൽ ജൂൺ 22-24 വരെ നടന്നു. എ.ജി. ഫാമിലി കോൺഫറൻസ് ജൂൺ 28 - ജൂലൈ 1 വരെ നടത്തപ്പെട്ടു. ജൂലൈ 5, 6, 7, 8 തീയതികളിൽ ബോസ്റ്റണിൽ പെന്തെക്കോസ്തു ഫാമിലി കോൺഫറൻസ് (പി.സി.എൻ.എ.കെ.) നടത്തപ്പെട്ടു. ഐ.പി.സി. ഫാമിലി കോൺഫറൻസ് ജൂലൈ 19-22 വരെ ഡാളസിലും അതേസമയം തന്നെ അടുത്തുള്ള ഒക്കലഹോമയിൽ ചർച്ച് ഓഫ് ഗോഡ് ഫാമിലി കോൺഫറൻസും നടക്കും.

പെന്തെക്കോസ്തു സഭാവിഭാഗങ്ങളുടെ ഫാമിലി കോൺഫറൻസുകൾ ഒരേസമയം വിവിധ പട്ടണങ്ങളിൽ നടത്തപ്പെടുന്നത് പ്രത്യേകിച്ച് അടുത്തുള്ള പട്ടണങ്ങളിൽ നടത്തപ്പെടുന്നത് വിശ്വാസ സമൂഹങ്ങൾക്ക് ബുദ്ധിമുട്ട് വരുത്തും. ഫാമിലി കോൺഫറൻസുകൾ ഒരേ ആഴ്ചയിൽ തന്നെ നടത്താതിരിക്കാൻ ഭാരവാഹികളും അതാതു ജനറൽ ബോഡിയും തീരുമാനിക്കുന്നത് ഉചിതമായിരിക്കും. രണ്ട് വർഷം മുമ്പേ കോൺഫറൻസ് സ്ഥലം തീരുമാനിക്കുകയും അതോടൊപ്പം തന്നെ സെക്രട്ടറിയെയും ട്രഷറാറെയും തിരഞ്ഞെടുക്കുന്ന വഴി നേരത്തെ കോൺഫറൻസ് എക്സിക്യൂട്ടീവ് ഒരുമിച്ച് പ്രവർത്തിക്കാനും തീരുമാനങ്ങൾ എടുക്കുവാനും സാധിക്കും. ഐ.പി.സി. ഫാമിലി കോൺഫറൻസ് 2 വർഷം മുമ്പേ സ്ഥലവും ഭാരവാഹികളെയും നിശ്ചയിച്ചത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

ഇക്കാലങ്ങളിൽ കോൺഫറൻസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതുകാരണം ഒരു വർഷം തന്നെ രണ്ടും മൂന്നും കോൺഫറൻസുകൾക്ക് പങ്കെടുക്കേണ്ടി വരുന്നു. ഇത് സാമ്പത്തിക ചിലവ് വർദ്ധിക്കുന്നതിന് ഇടയാകുന്നു. കൂടാതെ കോൺഫറൻസുകൾക്ക് പോകാൻ സഭാ ജനങ്ങക്ക് അനവധി യാത്രകൾ നടത്തേണ്ടതായി വരുന്നു.

പഴയ തലമുറയിൽപ്പെട്ടവരുടെ ഓർമ്മകളിലെ പെന്തെക്കോസ്തു കൂടിവരവുകളിൽ ശക്തമായ ദൈവവചനഘോഷണം നടന്നിരുന്നു. അതിന്റെ ഫലമായി യഥാസ്ഥാനപ്പെടുകയും ഉറപ്പിക്കുന്ന വിശ്വാസം വർദ്ധിപ്പിക്കുകയും ആത്മാവ് ശക്തമായി പ്രവർത്തിക്കുകയും ജനം വിടുതൽ പ്രാപിക്കുകയും രോഗികൾ സൗഖ്യപ്പെടുകയും ആത്മാക്കളെ നേടുകയും ചെയ്തിരുന്നു. ഇന്നാകട്ടെ ദുരുപദേശങ്ങളും സംഗീത നിശകളും നടക്കുന്ന വേദികളായി പെന്തെക്കോസ്തു കോൺഫറൻസുകൾമാറിയിരിക്കുന്നു. ഈ മാറ്റത്തിന് വിരാമമിട്ടുകൊണ്ട് ആത്മാക്കളെ നേടുന്ന, ആത്മീയ ഉത്തേജനം നൽകുന്ന, രോഗികൾ സൗഖ്യമാകുന്ന, പെന്തെക്കോസ്തു കോൺഫറൻസുകൾ നടക്കട്ടെ. ഏവർക്കും അനുഗ്രഹകരമായ കോൺഫറൻസ് ദിനങ്ങൾ പ്രാർത്ഥനയോടെ ആശംസിക്കുന്നു.



എസ്. പി. ജയിംസ്

## Daily Thought

*Stop talking to God about how big your mountains are, and start talking to your mountains about how big your God is! Know that the living God is among you. Joshua 3:10*

Bob Wicker

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും വാർത്തകളും അനുഭവ സാക്ഷ്യങ്ങളും രചനകളും പരസ്യങ്ങളും വിവാഹ പരസ്യങ്ങളും താഴെപ്പറയുന്ന വിലാസത്തിൽ അയച്ചു തരിക.


**DIVYA VARTHA**

**P.O. Box -7, Lewisville, Texas 75067, USA.**
**Tel: 214-334-6962, 972-345-0748.**
**Email: spjamesdallas@msn.com**

# ജീവിതത്തെ ഞെട്ടിപ്പിച്ച ബോംബുവർഷം

*(ജോർജ്ജ് മത്തായി സി.പി.എ.യുടെ ജീവചരിത്രത്തിൽ നിന്നും ഒരു ഭാഗം)*

ചാർട്ടേർഡ് അക്കൗണ്ടിംഗിനു ചേരുന്നതിനിടെ എന്നെ വീണ്ടും ആശുപത്രിയിലാക്കുകയും എന്റെ കിഡ്നികൾ രണ്ടും പ്രവർത്തനക്ഷമമല്ലെന്നു കണ്ടുപിടിക്കുകയും ചെയ്തു. ഒരു കിഡ്നി പൂർണ്ണമായും മറ്റൊന്ന് മുക്കാൽ ഭാഗവും പ്രവർത്തനരഹിതമായെന്നു കണ്ടുപിടിക്കപ്പെട്ടു. 1982 ഏപ്രിൽ 12 നാണ് ഈ രോഗം കണ്ടെത്തിയത്.




എന്റെ കിഡ്നികൾ രണ്ടും അസുഖം ബാധിച്ചെന്നറിഞ്ഞപ്പോൾ ഞാൻ തകർന്നു. ജീവിക്കാനുള്ള ആശ എന്നിൽ നിന്നും നീങ്ങുന്നതുപോലെ തോന്നി. ജീവിതത്തെക്കുറിച്ചുള്ള സുന്ദരമായ സ്വപ്നങ്ങൾക്കിടയിൽ ഈ രോഗവിവരം എന്നെ തളർത്തി. ഭൂമി രണ്ടായി പിളർന്ന് അതിന്റെ ഉള്ളിലേക്കു ഞാൻ പോയെങ്കിലെന്നാശിച്ചു. എന്റെ കൺമുമ്പിലൂടെ ഐറിന്റെ ശാന്തമായ മുഖവും പിഞ്ചുപൈതങ്ങളുടെ ഓമനത്വം തുളുമ്പുന്ന മുഖങ്ങളും പ്രത്യക്ഷമായിക്കൊണ്ടിരുന്നു എന്റെ രോഗവിവരം ഐറിനെ എങ്ങനെ അറിയിക്കുമെന്ന ഭയം എന്നിലുളവായി. ഈ വിവരം എങ്ങനെ അവളെ ബാധിക്കുമെന്നും അവൾ എങ്ങനെ പ്രതികരിക്കുമെന്നും എനിക്ക് നിശ്ചയമില്ലായിരുന്നു. ഞാൻ രാത്രിയിൽ ഭവനത്തിലേക്കു നിരാശനായി മടങ്ങി. ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചവനായി, എന്റെ ജീവിതാവസാനം തൊട്ടടുത്തായി തിരിച്ചറിഞ്ഞു ഞാൻ ഭവനത്തിലെത്തി. കടുത്ത തലവേദന, കൊളൈറ്റീസ്, പിന്നെ രണ്ടു കിഡ്നിയും നഷ്ടപ്പെട്ടു എന്നറിയുമ്പോഴുണ്ടാകുന്ന ഐറിനിലെ ഷോക്ക് എനിക്കു ഓർക്കാൻകൂടി കഴിയുന്നില്ല. ആറും മൂന്നും വയസ്സുള്ള മക്കളുടെ ഭാവി എന്താകുമെന്നോർത്ത് ഞാൻ മരണവെപ്രാളമുള്ളവനായി തീർന്നു.

ഭവനത്തിൽ വന്നപാടെ അവരോടു ഹലോ പറഞ്ഞും വളരെ ക്ഷീണമുണ്ടെന്നറിയിച്ചും ബഡ്റൂമിൽ കയറി കതകുകളടച്ചു.സാധാരണ ഭവനത്തിലേക്കു ഞാൻ വരുമ്പോൾ മക്കളോടു കളിച്ചും ചിരിച്ചും ഐറിനോടു സംസാരിച്ചും കഴിഞ്ഞിട്ടാണ് റൂമിലേക്കു കയറാറുള്ളത്. പക്ഷെ പെട്ടെന്നുള്ള ഈ മാറ്റം ഐറിനു പന്തികേടായി തോന്നി. ബെഡ് റൂമിൽ കയറിയ ഉടൻ ഉള്ളിലെ സങ്കടം താങ്ങാനാവാതെ ഞാൻ വിതുമ്പാൻ ആരംഭിച്ചു. പുറത്ത് കുഞ്ഞുങ്ങളുടെ കളിചിരികളുടെ ശബ്ദം കേട്ടപ്പോഴേക്കും നിയന്ത്രിക്കാനാവാതെ ഞാൻ വാവിട്ടു കരഞ്ഞു. പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട എനിക്കു തേങ്ങിക്കരയുവാനല്ലാതെ മറ്റൊന്നിനും സാധിച്ചില്ല. അന്ധകാരം നിറഞ്ഞ എന്റെ ജീവിതഭാവി ശക്തമായ ഒഴുക്കിൽ അകപ്പെട്ട പൊങ്ങുതടിപോലെ ഒഴുകുന്നതായി തോന്നി. കിഡ്നികൾ പ്രവർത്തനരഹിതമായ ഒരാൾക്ക് കിട്ടാവുന്ന ചികിത്സ ഡയാലിസിസ് ആണെന്നും അതൊരു കൃത്രിമ ചികിത്സയായതിനാൽ ശാശ്വതമായ പരിഹാരമല്ലെന്നും 32 വയസ്സുകാരനായ ഞാൻ ഏറെ കഴിയും മുമ്പേ മരിക്കുമെന്നുള്ള വികാരത്തിൽ എനിക്കു കരയാതിരിക്കാനായില്ല.

തേങ്ങിക്കരഞ്ഞു തകർന്നിരിക്കുന്നതിനിടയിൽ എന്റെ ബാല്യകാലത്ത് മനഃപാഠമാക്കിയ അനേകം വാക്യങ്ങളിലൊന്നായ 'ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു' എന്ന വാക്യം എന്റെ ഉള്ളിൽ നിന്നും പ്രതിധ്വനിച്ചു. വർഷങ്ങൾക്കു മുമ്പെ പിതാവു തന്ന ഒരു ബൈബിൾ ആർക്കും വേണ്ടാത്ത വസ്തുവായി ബെഡ്ഡിനരികിലുള്ള ലാംബ് ടേബിളിനു മുകളിലിരിക്കുന്നതുകണ്ടു. ആ ബൈബിൾ തുറന്നപ്പോൾ അതിലെ അക്ഷരങ്ങൾ ജീവിതത്തിലാദ്യമായി കാണുന്നതുപോലെ എനിക്കനുഭവപ്പെട്ടു. ഞാനൊരു ചെറുബാലനായി തീരുന്നതുപോലെ തോന്നി. വാക്യങ്ങളോരോന്നും പുതുമയുള്ളതായി തോന്നി. അതിനിടെ എന്റെ കണ്ണുകൾ സങ്കീർത്തനം 46:1 ൽ ഉടക്കി. 'ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.' എന്നവാക്യം എന്റെ കണ്ണുകൾക്കും മനസ്സിനും അമൃതും ആശ്വാസവുമായി. ഈ വാക്യം പല പ്രാവശ്യം ഞാൻ വായിച്ചു. വായിക്കുന്തോറും മനസ്സിലെ ഭാരം കുറയുന്നതായി എനിക്കനുഭവപ്പെട്ടു. എന്റെ ഉള്ളിൽ നിറയുന്നതായി ഞാൻ തിരിച്ചറിഞ്ഞു. ദൈവമേ, എന്നെ കൂടുതൽ ശിക്ഷിക്കരുതേ എന്നു പറഞ്ഞു കരഞ്ഞു പ്രാർത്ഥിച്ചു. ആ നിമിഷവും ആ മുറിയും ഒരു പാപിയുടെ സമർപ്പണത്തനുള്ള അൾത്താരയായി മാറി.

ദിവ്യധാര
DIVYA DHARA MINISTRIES
**ദിവ്യധാര മിനിസ്ട്രീസ്, ഡാളസ്**
**ജോസ് പ്രകാശ് കരിമ്പിനേത്ത്**
**972-345-0748**
**എസ്.പി.ജയിംസ്**
**214-334-6962**

ഇന്ത്യയിലും അമേരിക്കയിലും പ്രമുഖരായ ഗായകരെ അണിനിരത്തിക്കൊണ്ടുള്ള സംഗീത സായാഹ്നം. ജീവകാരുണ്യപ്രവർത്തനങ്ങൾ, നിരാലംബരായവർക്ക് ഭവന നിർമ്മാണ സഹായം, വിധവാ സഹായം. മീഡിയ മിനിസ്ട്രി: ഓഡിയോ, വീഡിയോ കാസറ്റുകൾ പുറത്തിറക്കുന്നു.

DALLAS KAPPAS GOODWILL MINISTRY
**Dallas - Texas**

**CARING FOR THE POOR & NEEDY.**
**SHARING THE GOSPEL**
Board of Directors:
Achenkunju Kappamammoottil,
Rajan Kappamammoottil,
Babukutty Kappamammoottil,
S.P. James, Prasad K. Chacko

**Dallas**
Pr. Johnson Zachariah
Pr. Shaji Thomas
P.M. Alexander
Shaji Maniyatt
**Houston**
Joy Thumpamon
P.S. Philip
Joseph Kurian
**Atlanta**
Pr. P.P. Kurian
**Okalahoma**
Dr. Tom John
Christo Cherian
**Chicago**
Varghese Mathew
**New York**
Abraham Chacko
Jacob P.C.
**California**
Rajan Cherakkat
**Philadelphia**
Dr. Jacob K. Thomas
**Arizona**
Pr. T.S. Kappamammoottil
**Florida**
Nibu Vellavanthanam
**Canada**
V.K. Johnson
**London (UK)**
Pr. Jeffy George
**India**
Pr. Jacob Samuel (Cochin)

**Advisory Board**
Pr. Mathew C. Samuel
PPFD (Convenor)

ദിവ്യവാർത്തയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ഉൾപ്പെടെയുള്ള രചനകളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

# തൂലിക പടവാളാക്കിയ പ്രതിഭകൾ



**രണാങ്കണത്തിൽ രക്തച്ചൊരിച്ചിൽ നടത്തിയിട്ടുള്ള വാളുകൾ ആയിരങ്ങളെ വെട്ടിവീഴ്ത്തിയ ചരിത്രമേയുള്ളൂ. ആരെയെങ്കിലും സ്വാധീനിക്കുകയൊ രൂപാന്തരപ്പെടുത്തുകയോ ചെയ്ത ചരിത്രം അവയ്ക്കില്ല.**



ടീയെസ് കപ്പമാംമൂട്ടിൽ

**ലോ**കസാഹിത്യത്തിലെ പല ക്ലാസ്സിക്കുകളും പ്രസിദ്ധരായ ചിത്രകാരന്മാർ കാൻവാസുകളിൽ പകർത്തിയ ഹൃദയഹാരിയും അമൂല്യവുമായ ചിത്രങ്ങളെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്. പ്രസ്തുത ക്ലാസ്സിക്കുകൾ ഒരർത്ഥത്തിൽ അക്ഷരങ്ങൾകൊണ്ട് താളുകളിൽ കോറിയിട്ട വർണ്ണശബളമായ ചിത്രങ്ങളാണ്. മനുഷ്യമനസ്സുകളെ കീഴടക്കിയ 130-ലേറെ ക്ലാസ്സിക്ക് ഗ്രന്ഥങ്ങളാണ് വിശ്വസാഹിത്യത്തിന്റെ ഔന്നത്യങ്ങളിൽ അഭിമാനപൂർവ്വം ശിരസ്സുയർത്തി നില്ക്കുന്നത്.

കാലങ്ങളെ അതിജീവിച്ച ഈ ഗ്രന്ഥസമ്മുച്ചയങ്ങളിൽ ഭാരതത്തിന്റെ അഭിമാനങ്ങളായ രാമായണവും, മഹാഭാരതവും, ഹോമറിന്റെ ഇലിയഡും ഓഡിസ്സിയും, റഷ്യൻ നോവലിസ്റ്റുകളായ ഫയൊദോർ ഡസ്റ്റയേവിസ്കിയുടെ 'ക്രൈം ആന്റ് പണീഷ്മെന്റും', ടോൾസ്റ്റോയിയുടെ 'അന്നാ കരീനിന'യും, 'യുദ്ധവും സമാധാനവും' സ്ഥാനം പിടിച്ചിട്ടുണ്ട്.

കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഒഴുകിപ്പോകാതെ ശതാബ്ദങ്ങൾക്കുശേഷവും ഈ കൃതികൾ മനുഷ്യഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്നതിന്റെ പിമ്പിലെ രഹസ്യം, ഹൃദയം കവരുന്ന നിലയിൽ ആശയങ്ങൾക്കു രൂപവും ഭാവവുമേകുവാനുള്ള അക്ഷരങ്ങളുടെ മാസ്മരശക്തിതന്നെയാണ്.

അക്ഷരങ്ങൾകൊണ്ട് ആശയങ്ങൾക്ക് മികവും മിഴിവുമേകി ലോകത്തെ ത്രസിപ്പിച്ചവരാണ് സാഹിത്യ നായകന്മാരിൽ ഒരു വിഭാഗമെങ്കിൽ, മാനവ ചരിത്രത്തിന് വിസ്മരിക്കുവാനാവാത്ത മറ്റൊരു വിഭാഗവുമുണ്ട്. തൂലിക പടവാളാക്കിയ കർമ്മധീരരായ പ്രതിഭാശാലികൾ. വെട്ടിത്തിളങ്ങുന്ന മൂർച്ചയുള്ള വാളുകൾകൊണ്ട് ഗളച്ഛേദം നടത്തി രാജ്യങ്ങളും സിംഹാസനങ്ങളും പിടിച്ചടക്കിയ പോരാളികൾക്കിടയിൽ തൂലികയെ പടവാളാക്കി മാനവചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിട്ട എഴുത്തുകാർ സാഹിത്യ നഭോമണ്ഡലത്തിൽ വേറിട്ട് നില്ക്കുന്നു. വിശ്വവിപത്തുകളായ അനീതിയുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നാരായ വേരുകൾ അറുത്തുമാറ്റുവാനുള്ള ഖഡ്ഗമായി അവർ തൂലികയെ രൂപാന്തരപ്പെടുത്തി.

'പടവാളിനേക്കാൾ ശക്തിയുള്ളതാണ് തൂലിക'യെന്ന പ്രയോഗത്തിനോട് സമാനമായ ആശയങ്ങൾ ജോർജ്ജ് വെസ്റ്റൊൺ, ഷേക്സ്പിയർ, റോബെർട്ട് ബെർട്ടൺ എന്നിവരുടെ 'ഹെപ്റ്റമെറോൺ ഇൻ സിവിൽ ഡിസ്കോഴ്സസ്, ഹാംലെറ്റ്, ദ അനാറ്റമി ഓഫ് മെലങ്കൊളി എന്നീ കൃതികളിൽ കാണുവാൻ കഴിയും. 'വാളിനേക്കാൾ എത്ര ക്രൗര്യമുള്ളതാണ് തൂലികയെന്ന് ഇതിൽ നിന്നും വ്യക്തമാണെ'ന്ന് റോബെർട്ട് ബെർട്ടൺ തന്റെ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ആദ്യമായി ഈ ആശയത്തിന് വാക്കുകളിലൂടെ വ്യക്തമായ രൂപം നൽകിയത് രാജ്യതന്ത്രജ്ഞനും, ഗ്രന്ഥകർത്താവുമായ എഡ്വേർഡ് ജോർജ്ജ് ബുൾവെർ ലിറ്റണെന്ന ബ്രിട്ടീഷ് വംശജനാണ്. ഒരു ഗ്രന്ഥകർത്താവെന്ന നിലയിൽ ദൗർഭാഗ്യവശാൽ ബുൾവെർലിറ്റണൊരു പരാജയമായിരുന്നെങ്കിലും, 'ലിച്ചെല്യൂ ഓർ കോൺസ്പിറസി'യെന്ന കൃതിയിൽ അദ്ദേഹം ഉൾക്കൊള്ളിച്ച 'Pen is mighter than the sword' എന്ന പ്രയോഗം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആയിരങ്ങളുടെ നാവിൻതുമ്പുകളിൽ പുനർജ്ജനനം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

തീതുപ്പുന്ന തോക്കുകളേക്കാളും മനുഷ്യരെ വെട്ടി വീഴ്ത്തുന്ന പടവാളുകളേക്കാളും മാനുഷിക ദൃഷ്ടികളെ അന്ധതയിൽ തളച്ചിടുന്ന പച്ചനോട്ടുകളേക്കാളും ശക്തിയുള്ളത് കാലത്തിന്റെ കാലൊച്ചകൾ നൽകുന്ന ശക്തമായ സൂചനകൾ ഉൾക്കൊള്ളുന്ന ഒരു എഴുത്തുകാരന്റെ തൂലികക്കാണ്. ശരീരത്തിന്റെ വിശപ്പടക്കാൻ പണവും രാജ്യങ്ങൾ പിടിച്ചെടുക്കാൻ പടവാളുകളും അധികാരത്തിന്റെ കടിഞ്ഞാണുകൾ കൈത്തലങ്ങളിലൊതുക്കാൻ ഗർജ്ജിക്കുന്ന തോക്കുകളും സഹായകരമാണ്. എന്നാൽ മനസ്സിന്റെയും ആത്മാവിന്റെയും ഉൽക്കടമായ ദാഹവും വിശപ്പും ശമിപ്പിക്കുവാൻ കെല്പുള്ളതാണ് ഭക്തന്മാരുടെ തൂലികത്തുമ്പിൽ നിന്നും അനർഗളമായി ഒഴുകിയെത്തുന്ന നൂതനാശയങ്ങൾ.

മനുഷ്യമനസ്സുകളുടെ അഗാധ തലങ്ങളെ തൊട്ടുണർത്തിയ എത്രയെത്ര ഈടുറ്റ രചനകൾ. കാലത്തിന്റെ ഭ്രമണങ്ങൾക്കിടയിൽ വിസ്മൃതിയിൽ വിലയം പ്രാപിക്കാതെ ഇന്നും ജനലക്ഷങ്ങളെ ഇരുത്തിച്ചിന്തിപ്പിച്ചുകൊണ്ടിരിക്കുന്ന എത്രയെത്ര അമൂല്യഗ്രന്ഥങ്ങൾ.

അറിവിനായുള്ള മനുഷ്യന്റെ വിശപ്പും ദാഹവും ശമിപ്പിച്ച് സംതൃപ്തിയേകുവാൻ ശക്തിയുള്ളവയാണ് തൂലികയിലൂടെ ഒഴുകിയെത്തുന്ന ആശയങ്ങൾ.

എവിടെയൊ വായിച്ചത് ഓർമ്മ വരുന്നു- തോക്കുപയോഗിക്കേണ്ടത് എങ്ങനെയെന്ന് നിങ്ങളൊരു വ്യക്തിയെപഠിപ്പിച്ചാൽ അയാളൊരു കുറ്റവാളിയായി മാറിയേക്കാം നിയന്ത്രണമില്ലാതെ ഓരോ ദിവസവും എങ്ങനെ പണം ചിലവാക്കാമെന്ന് ഒരാളെ പഠിപ്പിച്ചാൽ അയാൾ പണം ധൂർത്തടിക്കുവാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. എന്നാൽ തൂലിക ശക്തമായ നിലയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് ഒരുവനെ പഠിപ്പിച്ചാൽ ഒരായുസ്സുമുഴുവൻ ആ വ്യക്തിക്ക് ആവശ്യമുള്ള ആഹാരം കൊടുക്കുന്നതിനു തുല്യമാണ്.

പടവാളിനേക്കാൾ ശക്തിയുള്ളതാണ് തൂലികയെന്നവാദം കേവലം അതിശയോക്തിയല്ല. രണാങ്കണത്തിൽ രക്തച്ചൊരിച്ചിൽ നടത്തിയിട്ടുള്ള വാളുകൾ ആയിരങ്ങളെ വെട്ടിവീഴ്ത്തിയ ചരിത്രമേയുള്ളൂ. ആരെയെങ്കിലും സ്വാധീനിക്കുകയൊ രൂപാന്തരപ്പെടുത്തുകയോ ചെയ്ത ചരിത്രം അവയ്ക്കില്ല. എന്നാൽ തൂലികയിൽ നിന്നു ബഹിർഗ്ഗമിച്ച പദപ്രവാഹങ്ങൾ ജനസഹസ്രങ്ങളുടെ ചിന്തകളേയും പ്രവൃത്തികളേയും ആഴമായി സ്വാധീനിച്ചതിന് ലോകചരിത്രത്തിൽ ഉദാഹരണങ്ങൾ നിരവധി.

റോം കത്തിയെരിയുമ്പോൾ വീണവായിച്ച് നിർവൃതികൊണ്ട നീറോ ചക്രവർത്തിയുടെ വാളിന് പൗലൊസ് അപ്പൊസ്തലന്റെ ശിരസ്സു ഛേദിക്കുവാൻ കഴിഞ്ഞു. എന്നാൽ ആ സുവിശേഷ പോരാളിയുടെ തൂലികയിൽ നിന്നും പുറത്തേക്കൊഴുകിയ ആത്മീയ മർമ്മങ്ങളുടെ ശക്തമായ പ്രവാഹത്തെ അണകെട്ടി നിർത്തുന്നതിൽ നീറോയുടെ സുവർണ്ണ സിംഹാസനവും അധികാരത്തിന്റെ ചെങ്കോലും വെട്ടിത്തിളങ്ങുന്ന വാളുമൊക്കെ ദയനീയമായി പരാജയപ്പെട്ടു.

ഭക്തർ ഭക്തിയോടെ ദൈവികസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് ദേവാലയത്തിൽ ആരാധിക്കുന്നതുപോലെ, രചനയുടെ നിമിഷങ്ങൾ ഭക്തനായ ഒരു എഴുത്തുകാരന് ആരാധനയുടെ ദിവ്യനിമിഷങ്ങളാണ്. ആ അനർഘനിമിഷങ്ങളിൽ പിറന്നു വീഴുന്ന രചനകൾ അനുവാചകർക്ക് അവർണ്ണനീയമായ ആത്മീയാനുഭവങ്ങൾ പകർന്നു നൽകുന്നു.

പാദങ്ങൾ ഇടറിയവരുടെ ചുവടുകൾ ഉറപ്പിച്ചു നിർത്തുവാനും വീണുപോയവരെ താങ്ങിയെഴുന്നേൽപ്പിക്കുവാനും കെല്പുള്ളതാണ് പരിശുദ്ധാത്മനിയോഗം പ്രാപിച്ച ഒരു എഴുത്തുകാരന്റെ തൂലികയിൽ നിന്നും അനർഗളമായി ഒഴുകുന്ന പദപ്രവാഹം.

PROUDLY OWN A PIECE OF AMERICA
INVEST AND LIVE IN DALLAS FORTWORTH METROPLEX
BEAM REAL ESTATE
*Special Incentives to New Home Buyers*
For more information :
S.P. JAMES - 214-334-6962
CHRIS JAMES - 214-505-1757

'എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ' 1 പത്രൊ. 4:7.
ദൈവവചനാടിസ്ഥാനത്തിൽ യുഗാന്ത്യസംഭവങ്ങൾ വിലയിരുത്തി പഠിക്കുവാനും, കർത്താവിന്റെ മേഘ പ്രത്യക്ഷതക്കായി ഒരുക്കപ്പെടുവാനും ഒരു സുവർണ്ണാവസരം
Every Friday 7 to 8.45 pm
at
Family Cathedral
790 Windbell Circle, Mesquite, TX 75149
കൂടുതൽ വിവരങ്ങൾക്ക്
Pr. Shaji Thomas
Dallas Church of God
Mesquite
Phone : 469 407 6352
പ്രാർത്ഥിപ്പിൻ
സംബന്ധിപ്പിൻ
അനുഗ്രഹം പ്രാപിപ്പിൻ




പലസ്തീനിലുള്ള ബേത്‌ലഹേമിലെ ഓറിയന്റ് പാലസ് ഹോട്ടലിൽ രാത്രിയിൽ വിശ്രമിച്ചനന്തരം ഞങ്ങൾ എല്ലാവരും ഉറക്കമുണർന്ന് പ്രഭാതപ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞ് ബസിൽ കയറി ബേത്‌ലഹേം സന്ദർശനത്തിനായി പോയി.

'അപ്പത്തിന്റെവീട്' എന്നറിയപ്പെടുന്ന ബേത്‌ലഹേം ഒരു ചെറിയ പട്ടണമാണ്.യേശു ജനിച്ച സ്ഥലം എന്നതിനാൽ ക്രിസ്ത്യാനികൾക്കും പലസ്തീനികൾക്കും ഒരുപോലെ പ്രാധാന്യമുള്ള സ്ഥലമാണ് ബേത്‌ലഹേം. യെരുശലേമിന്റെയും ഹെബ്രോന്റെയും അടുത്തുള്ള പട്ടണമായ ബേത്‌ലഹേം എലിമലേക്കിന്റെയും നവോമിയുടെയും ദേശമാണ് (രൂത്ത് 4:11). ദാവീദിനെ രാജാവായി അഭിഷേകം ചെയ്തത് ബേത്‌ലഹേമിലായിരുന്നു (1 ശമുവേൽ 17:12) എങ്കിലും യേശുവിന്റെ ജനനമാണ് ബേത്‌ലഹേമിനെ പ്രശസ്തമാക്കിയത്. കോൺസ്റ്റന്റയിൽ ചക്രവർത്തിയാണ് യേശുവിന്റെ ജനനത്തിന്റെ ഓർമ്മയ്ക്കായി തിരുപ്പിറവിപ്പള്ളി പണിതത്. ഏറ്റവും പഴക്കമുള്ള പള്ളിയെന്ന് കരുതപ്പെടുന്ന പള്ളിക്കുള്ളിൽ വിശാലമാണെങ്കിലും ചെറിയ വാതിലിലൂടെ വേണം ഇതിനകത്ത് പ്രവേശിക്കുവാൻ. കാലിത്തൊഴുത്തിൽ യേശുവിന്റെ ജനനത്തിങ്കൽ നക്ഷത്രം വന്ന് നിന്നതിനെ അനുസ്മരിക്കുന്ന വെള്ളി നക്ഷത്രം മാർബിളിൽ തറയിൽ പറ്റിച്ചിട്ടുണ്ട്. കന്യാമറിയം യേശുവിന് ജന്മം നൽകിയ സ്ഥലമാണെന്ന് എഴുതിയിട്ടുണ്ട്. വളരെ അലംകൃതമായി വെള്ളി വിളക്കുകൾ പ്രകാശിക്കുന്ന സ്ഥലത്ത് നിന്നപ്പോൾ വികാരഭരിതമായ നിമിഷങ്ങളായി. വിവിധ സഭാ വിഭാഗക്കാരുടെ പള്ളികൾകൊണ്ട് തിരുപ്പിറവി എന്ന സമുച്ചയം എന്തുകൊണ്ടും ആരുടെയും മനസ്സിൽ മായാതെ നിൽക്കും.

തുടർന്ന് പള്ളിയുടെ പരിസരപ്രദേശത്തേക്ക് ഞങ്ങൾ പോയി. യേശുവിന്റെ ജനനവാർത്ത ഇടയന്മാരെ അറിയിച്ച സ്ഥലമാണിതെന്ന് കരുതുന്നു. ഇടയന്മാർ ആടുകളെ സംരക്ഷിച്ച് താമസിച്ചിരുന്ന പഴയ ഗുഹകളും വീടുകളും സന്ദർശിച്ചു. ബലമുള്ള പാറക്കല്ലിൽ വെട്ടിയുണ്ടാക്കിയ ഗുഹകളും ആടുകൾക്ക് വെള്ളംകൊടുത്തിരുന്ന പാത്രങ്ങളുമെല്ലാം യേശുവിന്റെ കാലത്തെ അനുസ്മരിപ്പിച്ചു.

ഉച്ചഭക്ഷണം കഴിഞ്ഞ് ചരിത്രമുറങ്ങുന്ന യെരുശലേമിലേക്ക് യാത്രയായി. നിരവധി യുദ്ധങ്ങൾക്കും നാശനഷ്ടങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള നഗരമാണ് യെരുശലേം. 1948 ൽ യിസ്രായേൽ രാഷ്ട്രം രൂപീകരിക്കുമ്പോൾ യിസ്രായേലും പലസ്തീൻകാരും യെരുശലേം പങ്കുവച്ചു. 1967 ലെ യുദ്ധത്തിൽ യിസ്രായേൽ യെരുശലേം പിടിച്ചെടുത്തുവെങ്കിലും തിരികെ കൊടുത്തില്ല. അതിനാൽ യെരുശലേം ഇപ്പോഴും യിസ്രായേലിന്റെ അധീനതയിലാണെങ്കിലും സംഘർഷഭരിതമാണ്. അറബ്-ക്രിസ്ത്യൻ-പാലസ്തീനികൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ് യെരുശലേം. ഈയിടെയാണ് അമേരിക്ക യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനമാക്കുന്നതിന് യിസ്രായേലിനോട് യോജിച്ചത്. കൂടാതെ ടെൽ അവീവിൽ നിന്ന് അമേരിക്കയുടെഎംബസ്സി യെരുശലേമിലേക്ക് മാറ്റിയതും. അറബ് രാഷ്ട്രങ്ങളിൽ പ്രത്യേകിച്ച് പലസ്തീനികളെ ചൊടിപ്പിക്കുകയുണ്ടായി. സംഘർഷത്തിൽ അനേകം പലസ്തീനികൾ കൊല്ലപ്പെട്ടതായി വാർത്തയുണ്ടായിരുന്നു. യെഹൂദരുടെയും അറബികളുടെയും ക്രിസ്ത്യാനികളുടെയും വീക്ഷണത്തിൽ യെരുശലേംഅവരുടെ പുണ്യഭൂമിയാണെന്നും യഹോവ വസിക്കുവാൻ തെരഞ്ഞെടുത്ത സ്ഥലമാണിതെന്നും പറയുന്നു. യിസ്രായേലിന്റെ അധീനതയിലുള്ളസ്ഥലമായതിനാൽ തോക്കുധാരികളായ ഭടന്മാരും പോലീസും എപ്പോഴും ഈ പ്രദേശങ്ങളിൽ നിലയുറപ്പിച്ചിട്ടുണ്ട്. എപ്പോഴും വലിയ സുരക്ഷിത വലയത്തിലാണ് യെരുശലേം പട്ടണം.







തുടർന്ന് ടൂറിസ്റ്റ് കേന്ദ്രമായ യോർദ്ദാൻ നദി ലക്ഷ്യമാക്കി ഞങ്ങളുടെ ബസ് യാത്രയായി. യേശു യോഹന്നാൻ സ്നാപകനാൽ സ്നാനം ഏറ്റു എന്ന് പറയപ്പെടുന്ന സ്ഥലം കാണാനായി എല്ലാവരും ആകംക്ഷാഭരിതരായിരുന്നു. യിസ്രായേൽ സന്ദർശിക്കുന്നവരെല്ലാം യോർദ്ദാൻ നദിയിലെ സ്നാനക്കടവ് കാണാൻ പോകാറുണ്ട്. യോർദ്ദാൻ സമതലം ഫലഭൂയിഷ്ടവും കൃഷിയിടങ്ങളാൽ സമൃദ്ധവുമായ പ്രദേശമാണ്. യേശുവിന്റെ സ്നാനക്കടവിലേക്ക് ചെല്ലുന്നിടത്തെ ഷോപ്പിങ് സെന്ററിൽ വലിയ തിരക്കാണ്. സ്നാനപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പ്രത്യേക ഡ്രസ്സുകൾ അവിടെനിന്നു വാങ്ങാവുന്നതാണ്. പലരും സ്നാനപ്പെടുന്നത് കാണാൻ വരുന്നു. സ്നാനം കഴിഞ്ഞ് തിക്കും തിരക്കും കഴിഞ്ഞപ്പോൾ ഞങ്ങളിൽ ചിലർ സ്നാനക്കടവിലേക്ക് ഇറങ്ങി കാലുകൾ വെള്ളത്തിൽ ഇട്ട് ഇരുന്നു. അപ്പോൾ ചെറുതും വലതുമായ മത്സ്യങ്ങൾ കാലിൽകൊത്തിക്കൊണ്ടിരിക്കുന്നത് തെളിഞ്ഞ വെള്ളത്തിൽ കാണാമായിരുന്നു.

യേശു സ്നാനപ്പെട്ട് ഇവിടെയാണെന്നും അല്ല മറ്റൊരു സ്ഥലമായ യോർദ്ദാന്റെ കടവിലാണെന്നും പറയുന്നു ഞങ്ങൾ ആ സ്ഥലത്തും പോയിരുന്നു. കുറച്ചു സമയം അവിടെ ചിലവഴിച്ചപ്പോൾ സമയം വൈകിയതിനാൽ ഞങ്ങൾ ബസിൽ കയറി തിരികെ ഹോട്ടലിലേക്ക് പോയി. ഹോട്ടലിൽ നിന്ന് അത്താഴവും പ്രാർത്ഥനയും കഴിഞ്ഞ് അവരവരുടെ മുറികളിലേക്ക് വിശ്രമിക്കാനായി പോയി.






# FULFILL YOUR MINISTRY

Second Timothy is Apostle Paul's final letter written from Roman prison where he was waiting execution. He challenges and urges his young protégé, Timothy to be faithful in carrying out the calling he has received. Paul give his own testimony of services toChrist from the day he was captured by Christ on the way to Damascus, till the final days of his life.

Jesus Christ shed His precious blood on the cross to save us and appointed each one of His children with a special call to do a specific ministry for the glory of God and for the expansion of His kingdom. We are saved and selected to work for the Kingdom of our Savior. We are ambassadors of Christ, servants ofChrist, His laborers in the vineyard, teachers of the word of God, preachers of the gospel, agents for Christ and minsters of the Gospel. Each and every child of God is called with a purpose for a specific ministry to enlarge the kingdom of God. One must understandthe true purpose and will of God and the mission of the ministry.

Apostle Paul asked God "What shall I do Lord?" soon after he was captured by the love of Christ. (Acts 22:10)).He followed the direction of his Savior to finish his Christian race in spite of many struggles, obstacles and challenges. What is your call? What is the ministry God gave you? A Pastor, an Evangelist, a preacher, teacher, an author, a composer, a singer, an editor, organizer, a prophet, a prayer warrior, a musician, a leader, a mentor, an administrator, whatever your call is, a child of God must submit to the specific call of God and fulfill the call to God's satisfaction and approval.

We see many who are called for a certain ministry deviate from the original call to suit their own desire and end up in failure by missing the message and the mission of God. "***You are not an accident, you are adivine choice***" words of Henri Nouwen, a famous writer. God called us and gave each of us an assignment to fulfill successfully if we will yield to Him allowing Him to hold us and mold us in His hands. The following facts are very vital to understand and finish your ministry:

**God's call to serve is a call to suffer**

"But you be watchful in all things, endure afflictions, do the work of an evangelist" Paul's words to Timothy (11 Timothy 4:5). Serving Christ is precious but not painless. Deep wounds and tragic disappointments are usual. Shame, suffering, sickness, sacrifices, loneliness, set backs are factorsthat may challenge the ministry. But these are channels we are gradually confirmed to the image of Christ and to His call. It is not how well you start the call of ministry but how well you finish the call despite all adversities.

Ministry in any field is hard and challenging. But, what we do, why we do it and how we do it are very important factors to a great ministry. People expect things rightly or wrongly, fairly or unfairly, kindly or unkindly and those expectations can be crippling to someone who is called to be a Pastor or any spiritual ministry. Despite all expectations, challenges, disappointments, criticisms, unfairness, be honest and sincere to your call. Trust the one that called you and obey His instructions and walk through His directions. Many deviate from God centered ministry to self-centered ministry and utterly fail to finish.

**Prayer, knowledge and Training are key factors**

Just like any other profession in the world, even in spiritual ministry one must have the proper training and knowledge of the word of God. Bible is the word of God and the author is the Holy Spirit. It is the manual for a holy and sincere life in this sinful world. Proper knowledge of the writers, books, verses, contest, parables, interpretations, prophecies and purpose of each book are very important to study and to know for a good ministry. Timely training from good leaders and scholars is absolutely necessary to complete the task given by God.



**Joseph Kurian, Houston**

Prayer is another key tool for a great and successful ministry. Many great ministers are great prayer warriors. ***Prayer is the power behind any great men of God and their ministry***. Many great preachers spent numerous hours in the presence of God for guidance and blessings for their ministry. Paul had trained Timothy and Titus and wanted to continue to invest in their spiritual and pastoral development. To be effective servants of Christ and to fulfill the call, instructions from veteran leaders and experienced servants of God are unavoidable.

**Commitment and Dedication of the Higher Calling**

Dr. E.V. Hill, the late Baptist preacher was called by Ronald Regan, the late President of the United States to give him a job in the president's cabinet. E.V Hill answered, "***Mr. President, thank you so much for thecall, but I do have a higher calling from my Savior, Jesus Christ***". The heart of an effective ministry is to understand the message and the mission. Ask God to reveal the true purpose and goal rather than choosing some ministry for own fame, position and wealth. Many are turning away from the true call of God and are competing, fighting and even creating groups in the name of Jesus just to satisfy own hidden agendas and ignore the commission of God.

Ministry is hard work and need great dedication and commitment. Pastoral ministry is even more challenging compared to other spiritual ministries. A Pastor needs to be an expert counselor, care giver preacher, teacher, leader, servant, good administrator and delegator. He must deal with seniors, juniors, youths, children, young couples, old couples, family issues, marriage issues and many other issues facing the congregation. He must be well aware of worldly issues, history, ethics, current events, culture etc. Many Pastors feel overwhelmed with these constant demands and their failure to delegate wisely to the well qualified members in certain areas and give up or deviate from their call.

**Understand why we do the ministry**

Why do we do the ministry? It is absolutely important not to be preoccupied with the pragmatic issue of what works, one must have a clear vision of the call. Anyone involved in spiritual ministry must ask, why Jesus came? Why He had to die? Why we preach the Gospel? The true answer is because of "**LOVE**".


That is Apostle Paul says (1Timothy 1:5). The passionate love for the one who love the world and gave His only begotten son for our salvation. Our goal is to see people come to Christ, to change lives to manifest holiness and right living but Paul chose to express his goal is love. ***It means that God's love becomes thedriving force behind any spiritual ministry***. Where there is true love, there is sacrifice. Jesus Christ sacrificed Himself for us and we dedicate our life to display His love for others through the ministry He appointed us to do.

The Church is looking for better methods but God is looking for better men to do His ministry. A clear conscience, strong commitment, sincere dedication, strong faith, constant prayer, unwavering passion, trust, honesty,skills, knowledge all are significant factors for a blessed and successful ministry**. IsaacWatts, captured this thought in the hymn" When I survey The Wondrous Cross" he wrote " Love so amazing, so divine, demands my soul, my life, my all".**

Let us prayerfully examine the heart of effective services to others and the ministry God has given us. He expects each one of us to serve Him faithfully. Let us know the purpose behind His coming and the passion behind His cross. Your ministry may be worldwide, national, local, preaching, teaching, pastoring, youth ministry, children's ministry, orphanage ministry, caring the sick and needy, hospital ministry, jail ministry, charity works, music ministry, whatever it is, may the **LOVE** of God is the passion behind it and may God give you the vision, the courage, the faith and the resources to fulfill the ministry.

What we do matters because of who our Savioris and His call. It matters because of what our mission is and for whom. It matters because"**What we do in life echoes in eternity**". Understand you are appointed and anointed by God, the creator of Heaven and Earth, the King of Kings and the Lord of Lord's. The almighty God is with you and He is the one you are accountable. Do the ministry God gave you with great passion and pride. He will be with you always to finish it well if you are in His will.

Apostle Paul said, I want to finish the ministry God has given me, and in his final Epistle, he is satisfied and declaredboldly"I have fought a good fighthave finished my course, I have kept the faith." (11Timothy 4: 7). May the Lord who called and gave you the ministry bless you to fulfill it for His glory?






# AMERICA'S IMMIGRATION CRISIS

More than two dozen immigration activists were arrested as recently they gathered outside a federal court building in downtown Los Angeles during a planned visit by US Attorney General Jeff Sessions, media reported.

Police were heard declaring an unlawful assembly after a line of demonstrators, among them several clergy members, was seen linking arms across Spring Street outside the US Attorney's Office building, blocking the road to traffic as they chanted, "Kids belong at home, not in cages."

Many of the protestors wore children's stamps pinned to their chests to represent the immigrant kids/youth separated from their parents by the Trump administration. Some also wore blue arm bands, indicating they intended to be taken into custody for their actions.



So far, many people have been arrested for failure to disperse, said Los Angeles Police Office. People were seen being taken away in handcuffs, hours after they had assembled.

**I want people to come to the US, but through a merit system**

President Trump, speaking during a lunch with Republican members of Congress, said he wants people to come to the US — as long as it's through a merit-based system. He said American businesses need immigrants that can "help our country and these companies."

"And by the way, I want people to come into our country because our country is doing so well. And we have companies moving into our country, like, at numbers nobody has seen in a long time. We need workers. So I want people to come in. They have to come in through the merit system, though. They have to come in so that they can help our country and these companies," Trump said.

**"We have the worst immigration laws in the history of the world"**

Decrying "the worst immigration laws in the history of the world," President Trump questioned why the Justice Department has requested more immigration judges for immigrants at the southern border.

"They want us to choose 5,000 judges," Trump said. "How do you choose 5,000 judges? Can you imagine the corruption just from a normal standpoint, just common sense. Can you imagine the corruption? Go to the barber shop, grab somebody, make him a judge. Everybody is being made a judge."

The immigration courts decide whether immigrants have a legal right to stay in the US or should be deported -- and those cases include people arriving at the border as well people from the interior of the US, who may or may not have had legal status at some point. But Trump's suggestion has several problems, including the fact that there are fewer than 350 immigration judges nationwide and the Justice Department has budgeted for only 100 more.

*CNN*

HEALTH CORNER

## ORGANIC FOODS PROVIDE HIGHER QUALITY NUTRITION



Two new studies have found that organic milk and meat contain more of the healthy omega-3 fats, compared with conventional milk and meat. These studies are the latest of many showing that organic foods, including fruits and vegetables, tend to have higher levels of desirable nutrients.

To compare organic and conventional milk, of Newcastle University, United Kingdom, analyzed 196 published studies. Those studies reflected research conducted around the world.

They found that organic milk had about 7 percent more polyunsaturated fats (PUFAs) and, specifically, 56 percent more omega-3s. The higher omega-3s were attributed to cows foraging on grass, which is rich in these healthy fats, instead of on grains.

In addition, levels of alpha-linolenic acid, the "parent" fat of the omega-3s, was 69 percent higher in organic milk. Also, levels of conjugated linoleic acid, which studies have suggested might aid in weight loss,, were 41 percent higher in organic milk.

The researchers wrote that "organic bovine milk has a more desirable fatty acid composition than conventional milk."

In a second analysis of six studies, compared fats in organic and conventional meat. Organic meats were 23 percent higher in PUFAs and 47 percent higher in omega-3s.

In a 2014 study, analyzed 343 previously published studies on organic fruits and vegetables. They reported that organic produce contained substantially higher levels of antioxidants called flavonoids. Among the findings were that organic produce contained an average 69 percent more flavanones, 50 percent more flavonols, and 51 percent more anthocyanins. Organic produce also contained far less cadmium, a toxin that interferes with cellular energy production.

*BBC*

# PROBLEM-SOLVING

"Think it not strange concerning the fiery trial that is to try you..." (1 Peter 4:12)

It's not called problem-fixing, because you can seldom just twist a wrench and simply "fix" problems. Usually they have to be solved. That takes patience and figuring out the best course of action. In dealing with problems first know that *all people have problems*. I can walk up to any anonymous Joe on the street and say, "Hey, I heard about your problem" and he would turn white as a ghost and ask, "Who told you?" The Apollo XIII crew radioed, "Houston: we have a problem", but the same message also sounds in Tulsa, Detroit and Des Moines.

Second know that *your problem is not your problem*. The battle is not yours, the battle is the Lord's. The problem is not the problem, your degree of faith is. The bigger they stand the harder they fall. A million-dollar problem works a million-dollar provision. A painter may make $15 an hour but put him twenty stories up on the side of a skyscraper and his pay multiplies accordingly. The size of the problem determines the size of the paycheck. Your problem is the key to your promotion. Your adversity decides your advancement.

Also know that *you will be remembered for the problems you solve or the problems you create*. One snitch reported to the pastor that "John and Bill say there is a problem in the church". Someone else said that "Mike and Bill say there's a problem in the church". Still another overheard that "Susan and Bill say there's a problem in the church". Yes, there is a problem in the church and the problem's name is Bill! Be a problem-solver not a problem-seeker or starter. One man sees mud, another sees stars. It's all in the tilt of the head. Some simply avoid problems, but avoiding tooth decay doesn't



**Dr. Kris Jackson** (USA)
krisjackson.org

make the problem disappear, only the teeth. In Math you never found the answer until you solved the problem. We learn much about ourselves by facing problems.

One other thing, *don't tell God how big your problem is; tell your problem how big God is!* Problems are seldom overcome by our own ingenuity or craftiness. God gives wisdom. Prayer unlocks powerful resources. Though the problem is greater than me in the natural, yet "greater is he that is in me than he that is in the world". Jesus and me makes a majority. The problem is not the problem, my ability to access the wisdom and truths of the Word are the problem.

Finally know that *even the toughest problems are made to be solved*. Einstein and a piece of chalk make a formidable duo. The maestro of Math himself confessed that he wasn't really smarter than other men, he just stayed with the problem longer. Scientists have cracked the Genome Code because they stayed with the problem. It took Edison thousands of experiments to finally cause a bulb to brighten. The problem was not the problem, patience was. Whether you're parenting *Problem Child* or counseling problem people be encouraged that the bigger the problem the bigger the pay. The moment Goliath falls, David moves from the pasture to the palace. So, don't pray for a life free of problems but rather the wisdom needed to turn problems into procedures that work.

**One other thing, *don't tell God how big your problem is; tell your problem how big God is!* Problems are seldom overcome by our own ingenuity or craftiness. God gives wisdom.**

# ബൈബിളിലൂടെ ദിവ്യയാത്ര




## 2 പത്രോസ്

സത്യവേദപുസ്തകത്തിലെ 61–ാമത്തെ പുസ്തകം. അദ്ധ്യായങ്ങൾ 3, വാക്യങ്ങൾ 61. ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ വിശുദ്ധ പത്രോസാണ്. പത്രോസിന്റെ ഒന്നാം ലേഖനം സഭയ്ക്ക് പുറത്തുള്ള പ്രശ്നങ്ങളെ പരാമർശിക്കുമ്പോൾ രണ്ടാം ലേഖനം അകത്തുള്ള പ്രശ്നങ്ങളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ഉപദേഷ്ഠാക്കന്മാരെക്കുറിച്ച് താക്കീതു നൽകുന്നതോടൊപ്പം വ്യക്തിജീവിതങ്ങളെ വിശുദ്ധിയിൽ സൂക്ഷിക്കുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്.

ധാർമ്മികത, പരിജ്ഞാനം, ആത്മസംയമനം, സ്ഥിരചിത്തത, ദൈവഭക്തി, സഹോദരപ്രീതി, നിസ്വാർത്ഥ സ്നേഹം എന്നിവയുടെ അന്തസത്തയാണ് ക്രിസ്തീയ ജീവിതമെന്ന് പത്രോസ് വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു. ദുരാത്മാക്കൾ, ജഡമോഹം, അത്യാഗ്രഹം, സ്വാർത്ഥത, എന്നിവയിൽ ജീവിതം നയിച്ചു ന്യായവിധിയെ പരിഹസിച്ചു തള്ളിക്കളയുന്നു. ദൈവിക ന്യായവിധിക്ക് ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപിൽ എല്ലാവരും നിൽക്കണമെന്ന യാഥാർത്ഥ്യം പത്രോസ് വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയാണ് ചെയ്യുന്നത്.



സഭകളിൽ നിന്നും വന്നിരുന്ന ആപൽക്കരമായ ദുരുപദേശങ്ങളോടുള്ള പ്രതികരണമായിട്ടാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. ദുരുപദേഷ്ടാക്കൾ യേശു ക്രിസ്തുവിലൂടെയുള്ള നീതീകരണം എന്ന ഉപദേശത്തെ തള്ളിക്കളയുകയും അധാർമ്മികമായി ജീവതത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു 1:1 വചന പ്രകാരം അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്ക് എന്ന പദപ്രയോഗം യഥാർത്ഥമായ സത്യവിശ്വാസികളെയാണ് പരാമർശിക്കുന്നത്. വിശ്വാസത്തിൽ സഭയെയും സഭാജനങ്ങളെയും ഉറപ്പിക്കുവാനും കള്ള ഉപദേഷ്ടാക്കന്മാരെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നതിനും കർത്താവിലുള്ള കൃപയിലും, പരിജ്ഞാനത്തിലും വിശ്വാസത്തിലും നിലനിൽക്കാൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിച്ചുകൊൾവീൻ എന്ന പദപ്രയോഗം പ്രത്യേകം പ്രസ്താവ്യമത്രേ.

ഈ ലേഖനത്തെ മൂന്നായി തിരിക്കാം. 1. ക്രിസ്തീയ സ്വഭാവത്തിന്റെ രൂപവൽക്കരണം 2. ദുരുപദേഷ്ടാക്കന്മാരുടെ ശിക്ഷാവിധി. അദ്ധ്യായം 2

3. ക്രിസ്തുവിന്റെ വരവിനെപ്പറ്റിയുള്ള വിശ്വാസം അദ്ധ്യായം 3

കള്ള ഉപദേഷ്ടാക്കളെപ്പറ്റി മുന്നറിയിപ്പു നൽകുന്നതുവഴി ദൈവിക വിശ്വാസത്തിലും പരിജ്ഞാനത്തിലും വളരുവാനു ആഹ്വാനം നൽകുകയാണ് ലക്ഷ്യം

## Divya Bible Quiz - 4 (DBQ Series - VI)

1. യോശുവ യാഗപീഠം പണിതത് ഏത് പർവ്വതത്തിൽ? ..................
2. മോശയെ അടക്കിയത് ആര്? ..................
3. 'നീ പാതാളംവരെ താണുപോകും' എന്ന് യേശുപറഞ്ഞ പട്ടണം? ..................
4. 700 കാളകളെയും 7000 ആടുകളെയും യാഗം കഴിച്ച രാജാവ്? ..................
5. പൗലോസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യരുതെന്ന് ശപഥംചെയ്തത് എത്രപേർ? ..................
6 'യഹോവ ശമ്മ എന്ന വാക്കിന്റെ അർത്ഥം? ..................
7. തലമുടി കരുവേലകത്തിൽ കുടുങ്ങി തൂങ്ങിക്കിടന്നതാര്? ..................
8. നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് യേശു ചോദിച്ചതാരോട്? ..................
9. പറയുടെ പത്തിൽ ഒന്ന് എത്ര? ..................
10. സൂര്യൻ കരിമ്പടംപോലെ കറുത്തത് എത്രാം മുദ്രപൊട്ടിച്ചപ്പോൾ? ..................

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ മലയാളത്തിൽ പ്രസിദ്ധീകരിച്ച 'സത്യവേദപുസ്തകത്തെ ആധാരമാക്കി തയ്യാറാക്കിയിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം വാക്യതെളിവുകളോടെ അയച്ചുതരിക. ഏറ്റവും കൂടുതൽ പോയിന്റ്സ് നേടുന്ന വ്യക്തിക്ക് പ്രത്യേക സമ്മാനം. (മുൻവിജയികൾ മത്സരത്തിൽ പങ്കെടുക്കാൻപാടുള്ളതല്ല, ഏറ്റവും കൂടുതൽ പോയിന്റ് നേടുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കും)

Mail To: Divya Vartha, P.O. Box. 7, Lewisville, TX. 75067. Email: spjamesdallas@msn.com, divyavartha@gmail.com

Must be Received by August 31

Name ------------------------------------------------

Address ------------------------------------------------

------------------------------------------------

Ph: ------------------------------------------------

Email: ------------------------------------------------

(Series V - Winners)

**Sis. Elizabeth Kuruvilla, Mesquite, Texas**
**Sis. Rosamma Scariah, Mesquite, Texas**

**DBQ Series - VI points level**

3 - Binu P. John, Portland, OR (27)
3 - John K Paul, Abudhabi, UAE (30)
3 - Lebrin Paruthimmoottil, Mesquite, TX. (23)
1 - Mary Varghese, Ernakulam, Kerala. (9)
3 - Saly John, Rohini, Delhi. (26)
3 - Sherin S. Thomas, Mesquite, TX (27)
3 - V.K. Scariah, Mesquite, TX (28)

*DBQ 3 ശരിയായ ഉത്തരങ്ങൾ*

1. ഹെബ്രോൺ (Hebron) 2 Samuel 2:3,4
2. പരീശന്മാർ (Pharisees) Acts 23:8
3. നീസ്രോക്ക് (Nisroeh) 2 Kings 19:36, 37
4. ഹിസ്കിയാവ് (Hezkkiah) Isiah 38:2
5. തോമസ് (Thomas) John 14:5
6. ഒനേസിമോസ് (Onesimus) Philemon 10
7. കൊന്യാവ് (Coniah) Jeremiah 22:28, 29
8. യഹൂദാ (Judah) Numbers 13:6
9. അബ്രഹാം (Abraham) Geness 17:24
10 പൗലോസ് (Paul) Titus 3:12




# രഷ്യൻ ആരാധനാലയത്തിൽ ഐഎസ് ആക്രമണം 5 പേർ കൊല്ലപ്പെട്ടു



**മോസ്കോ:** റഷ്യയിലെ ദഗസ്ഥാനിൽ പ്രവർത്തിക്കുന്ന ഓർത്തഡോക്സ് ചർച്ചിന് പുറത്ത് ആരാധന കഴിഞ്ഞിറങ്ങിയ വിശ്വാസികൾക്ക് നേരെ അക്രമി നടത്തിയ വെടിവയ്പ്പിൽ അഞ്ച് പേർ മരിച്ചു. നിരവധി വിശ്വാസികൾക്കും രണ്ട് പോലീസ് ഉദ്യോഗസ്ഥനും ഗുരുതരമായി പരിക്കേറ്റു. അക്രമി പോലീസിന്റെ വെടിയേറ്റ് സംഭവസ്ഥലത്ത് വച്ചു തന്നെ മരിച്ചു. പോലീസ് അന്വേഷണം ആരംഭിച്ച ഉടനെ സംഭവത്തിന്റെ ഉത്തരവാദിത്വം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു. ഒട്ടേറെ യുവാക്കൾ ഐസിൽ ചേരുന്നതായുള്ള റിപ്പോർട്ടുകൾ വന്നതിനു പുറമെയാണ് ആരാധനാലയത്തിൽ ആക്രമണമുണ്ടായത്.

# മതനിന്ദാ ആരോപണം പാക്കിസ്ഥാനിൽ ക്രിസ്തീയ പലായനം



**ലാഹോർ:** ദൈവനിന്ദാആരോപണത്തിന് പിന്നാലെ ആക്രമണംരൂക്ഷമായതിനെതുടർന്ന് പാക്കിസ്ഥാനിൽ നിന്ന് 800 ഓളം ക്രിസ്തീയ കുടുംബങ്ങൾ പാലായനം ചെയ്തതായി റിപ്പോർട്ട്. വടക്കൻലാഹോർ പ്രവിശ്യയിലെ ദഹീർ എന്ന ഗ്രാമത്തിൽ നിന്നാണ് ക്രിസ്ത്യീ കുടുംബങ്ങൾ ഗ്രാമം വിട്ടത്. കഴിഞ്ഞ മാസം 16 ന് പഗലോൺ കി. ബസ്തി എന്ന ഫേസ് ബുക്ക് കൂട്ടായ്മയിൽ പാത്രാസ് മസിഹ എന്ന ക്രിസ്തീയ യുവാവ് ഇട്ടതായിപറയുന്നഒരു പോസ്റ്റിനെ ചൊല്ലിയുണ്ടായ സംഘർഷത്തെ തുടർന്നാണ് ക്രൈസ്തവർ ഗ്രാമം വിട്ടത്.

പത്രാസ് മസീഹി പോസ്റ്റ് ചെയ്തതായ ഒരു ചിത്രം മതവികാരത്തെ വൃണപ്പെടുത്തുന്നതാണെന്നുംപാത്രാസിനെ തൂക്കിലേറ്റണമെന്നും ആവശ്യപ്പെട്ട് ഇസ്ലാം മതഥർ ക്രൈസ്തവർക്ക് നേരെ ആക്രമണവുമായി രംഗത്ത് എത്തുകയായിരുന്നു. പാക്കിസ്ഥാനിൽ സാമൂഹ്യ മാധ്യമങ്ങളെല്ലാം തന്നെ സർക്കാർ സംവിധാനങ്ങളിലൂടെ നിരീക്ഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷം ഇത്തരത്തിൽ ഒരു വിവാദ ചിത്രം ഫേസ് ബുക്കിൽ പ്രസിദ്ധപ്പെടുത്തി എന്നാരോപിച്ച് നബീൽ മസീഹ എന്ന ക്രിസ്തീയ ബാലൻ ഇപ്പോഴും ജയിലിനുള്ളിലാണ്.

# DIVYA VARTHA

JUNE-JULY 2018

Private Circulation Only


## സംസ്ഥാന പിവൈപിഎക്ക് നവനേതൃത്വം






അജു അലക്സ്, ഷിബിൻ ശാമുവേൽ, വെസ്ലി പി. ഏബ്രഹാം

**കുമ്പനാട്:** പെന്തെക്കോസ്ത് യുവജന സംഘടന (പിവൈപിഎ) യുടെ അടുത്ത മൂന്നു വർഷത്തേക്കുള്ള പുതിയ നേതൃത്വം ചുമതലയേറ്റു. 22ന് കുമ്പനാട് നടന്ന തെരഞ്ഞെടുപ്പിൽ അജു അലക്സ് (പ്രസിഡന്റ്), സാബു ആര്യപ്പള്ളിൽ, ബെറിൻ തോമസ് (വൈസ് പ്രസിഡന്റുമാർ), ഷിബിൻ ശാമുവേൽ (സെക്രട്ടറി), സതീഷ് കുമാർ, ഷിബു എൽദോസ് (ജോ. സെക്രട്ടറിമാർ), വെസ്ലി പി. ഏബ്രഹാം (ട്രഷറാർ), തോമസ് ജോർജ് (പബ്ലിസിറ്റി കൺവീനർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സാംകുട്ടി ജോൺ ഇലക്ഷൻ കമ്മീഷണറായും, വിൽസൺ ശാമുവേൽ, പീറ്റർ മാത്യു എന്നിവർ റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിച്ചു. സുവി. അജു അലക്സ് മുൻ പിവൈപിഎ സംസ്ഥാന ഉപാധ്യക്ഷനും തിരുവല്ല മേപ്രാൽ സ്വദേശിയുമാണ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഷിബിൻ ശാമുവേൽ കൊട്ടാരക്കര മലവിള സ്വദേശിയുംഅറിയപ്പെടുന്ന പ്രഭാഷകനുമാണ്. പത്തനാപുരം സെന്റർ പിവൈപിഎ പ്രസിഡന്റാണ്. ട്രഷറാർ വെസ്ലി ആലപ്പുഴ സ്വദേശിയും ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ മെമ്പറുമാണ്.

## മേഖലാ കൺവൻഷൻ

**കോട്ടയം:** കോട്ടയം റവന്യൂ ജില്ലയിലുള്ള 25 ൽ പരം ഐപിസി സെന്ററുകളുടെ സംയുക്ത കൂട്ടായ്മയായ ഐപിസി കോട്ടയം സോണിന്റെ കൺവൻഷൻ ജൂലൈ 21–22 വരെ കോട്ടയം ജില്ലയിലെ മലയോര നഗരമായ മുണ്ടക്കയത്തുള്ള പൊട്ടൻകുളം ഓഡിറ്റോറിയത്തിൽ നടക്കും. മേഖലാ പ്രസിഡന്റ് പാസ്റ്റർ പി.എ. മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, ഡോ. ജോർജ് മാത്യു, പാസ്റ്റർ റെജിമോൻ ജേക്കബ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ തോമസ് ചാരുവേലിൽ, ബ്രദർ ഗ്ലാഡ്സൺ ജേക്കബ്, ബെന്നി പുള്ളോലിക്കൽ, ജോയി താനുവേലിൽ, കുര്യൻ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകും.

## പെന്തെക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ച് കോൺഫറൻസ് ജൂലൈ 27–29 വരെ ഡെന്റണിൽ




പാ. എം.എ. ജോൺ, പാ. ബിജു വിൽസൺ

**ഡാളസ്:** പെന്തെക്കോസ്തൽ മാരാനാഥാ ഗോസ്പൽ ചർച്ചിന്റെ 5–ാ മത് ഫാമിലി കോൺഫറൻസ് ഡെന്റനിലുള്ള ക്യാമ്പ് ക്രോസ് റിട്രീറ്റ് സെന്ററിൽ ജൂലൈ 27 മുതൽ 29 നടക്കും. Enlarge My Vision (Proverbs 29:18) എന്നതാണ് കോൺഫറൻസ് തീം. പാസ്റ്റർ എം.എ. ജോൺ, പാസ്റ്റർ ബിജു വിൽസൺ എന്നിവരാണ് മുഖ്യ പ്രസംഗകർ. റവ. ഫിന്നി ജോസഫ് (കൺവീനർ), റവ. അനീഷ് കുര്യൻ (സെക്രട്ടറി), റവ. ജേക്കബ് ഏബ്രഹാം (ട്രഷറാർ) എന്നിവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് pmgcusa@gmail.com. www.pmgcsa.org


FOR ALL YOUR
AIR CONDITIONING & HEATING

PROFESSIONAL
Heating &
Air Conditioning



Goodman
Thank goodness for Goodman.

CONTACT: M.O. RAJU (RAJU OONNUNNY)
P.O Box 496791, Garland, Texas 75049
EMAIL: PROFESSIONALHEATANDAC@YAHOO.COM

LENNOX
Innovation never felt so good.

American Standard

TEL: 469-583-7488
FAX: 972-240-3300
WWW.PROFESSIONALHEATANDAC.COM

TRANE

Carrier

TACLB29309E

RESIDENTIAL & LIGHT COMMERCIAL — SALES, SERVICE AND INSTALLATIONS OF ALL BRANDS.


## ഐപിസി ത്രിപുര സ്റ്റേറ്റ് വാർഷിക കൺവൻഷനും പ്രവർത്തക സമ്മേളനവും



**അഗർത്തല:** ഐപിസി തൃപുര സ്റ്റേറ്റ് 12–ാ മത് വാർഷിക കൺവൻഷനും പ്രവർത്തക സമ്മേളനവും ആഗസ്റ്റ് 11,12 തീയതികളിൽ ധൂലായ് ജില്ലയിലുള്ള കമൽപൂർ പട്ടണത്തിൽ നടക്കും. സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ് മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ ഐപിസി ജനറൽ സെക്രട്ടറി ഡോ. കെ.സി. ജോൺ മുഖ്യ പ്രസംഗകനായിരിക്കും.

പാസ്റ്റർ കുമാർ ദേവർമ്മ, അനിൽ ദേവർമ, ബ്രദർ ഡാനിയേൽ രാജു തുടങ്ങിയവർ നേതൃത്വം കൊടുക്കുന്ന കൺവൻഷനിൽ തൃപുരയിലെ വിവിധ ഗോത്ര വർഗങ്ങളിൽ നിന്നുള്ള പ്രവർത്തകരും വിശ്വാസികളും പങ്കെടുക്കും.


SINCE 1992

COSMOS TRAVEL INC.

"YOUR PASSPORT TO THE WORLD"

Best Low Fares to India, Special Fares for Mission trip

2720 Stemmons Freeway, Suite 820

Dallas TX 75207

214 905 2009. info@cosmostravel.com



Edited, Published and Printed by : S.P. James & Joseprakash Karimpineth